**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4308** **18-03-2025 - ൽ മറുപടിയ്ക്ക്**

**കരകൗശല വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കരകൗശല വ്യവസായം പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കരകൗശല വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി നിരവധി നടപടികൾ **കരകൗശല വികസന കോർപ്പറേഷൻ** സ്വീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു. വൈവിധ്യവൽക്കര ണത്തിന്റെ ഭാഗമായി പുതിയ ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പുതിയ ഉൽപ്പന്നങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു<br><br>**കാഡ്കോ** ആർട്ടിസാന്മാർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഉൽപ്പന്ന പ്രദർശനവും, വിൽപ്പന ശാലകൾ, ONDC Platform, GEM Platform എന്നിവ മുഖേന വിപണനം നടത്തുന്നതിനും സഹായിക്കുന്നു. ആർട്ടിസാന്മാരുടെ വാർഡ് തിരിച്ചുള്ള സമഗ്ര വിവരശേഖരണം, ആർട്ടിസാൻസ് ലേബർ ഡേറ്റാ ബാങ്ക് എന്ന പേരിൽ കാഡ്കോയുടെ നേതൃത്വത്തിൽ തുടങ്ങിയിട്ടുണ്ട്<br><br>മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടേയും ഉന്നമനത്തിനായി കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം , കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം, പരിശീലകർക്കുള്ള പരിശീലന പരിപാടി, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം, പുതുമയാർന്ന |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങളുടെ രൂപീകരണം, മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുക, മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് 2004 മുതൽ തുടർച്ചയായി സംസ്ഥാനത്ത് സംഘടിപ്പിക്കൽ, എന്നിവയെല്ലാം കേരള സംസ്ഥാന ബാംബൂ മിഷന്റെ കീഴിൽ നടത്തി വരുന്നു |
| (ബി) | കരകൗശല ഉത്പന്നങ്ങൾക്ക് ഓൺലൈൻ മാർക്കറ്റിംഗിന്റെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസായ വകുപ്പ് സ്ഥാപിച്ച ഓൺലൈൻ വിപണന സംവിധാനമായ "K-shoppee" പോർട്ടൽ മുഖേന കരകൗശല വികസന കോർപ്പറേഷന്റെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തു വരുന്നുണ്ട്.<br><br>കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന പരമ്പരാഗത കരകൗശല വിദഗ്ധരുടെയും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോർട്ടൽ (www.keralaemarket.com/ www.keralaemarket.org/www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വ്യാപാരം ചെയ്യുവാനും സഹായകമാകും |
| (സി) | വിദേശികൾ ഉൾപ്പെടെ സംസ്ഥാനത്ത് എത്തുന്നവർക്കിടയിൽ കരകൗശല ഉത്പന്നങ്ങളുടെ വിൽപ്പന വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉൽപ്പന്ന വൈവിധ്യവത്കരണത്തിലൂടെയും, വിദേശങ്ങളിലേക്ക് കൊണ്ടുപോകുവാൻ സാകര്യപ്രദവുമായ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും വിപണന ശാലകളിൽ എത്തിക്കുകയും ചെയ്യുന്നതിലൂടെയും കരകൗശല വികസന കോർപ്പറേഷൻ വിദേശികൾ ഉൾപ്പെടെ സംസ്ഥാനത്ത് എത്തുന്നവർക്കിടയിൽ **കരകൗശല** ഉത്പന്നങ്ങളുടെ വിൽപ്പന വർധിപ്പിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ച് വരുന്നു<br><br>സംസ്ഥാനത്തെ മുളമേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ/ സംരംഭകർ/ എൻ.ജി.ഒ./ |

| | | | |
|---|---|---|---|
| | | | എസ്.എച്ച്.ജി. എന്നിവരുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ, ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയർ (ഐ.ഐ.റ്റി.എഫ്.), 'വിവിധതാ കാ അമൃത് മഹോത്സവ്' എന്നിവയിൽ സംസ്ഥാനത്തെ മുള കരകൗശല പ്രവർത്തകരെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു. ന്യൂ ഡൽഹി പ്രഗതി മൈതാനിയിൽ നടന്ന കേരള പവലിയനിൽ തുടർച്ചയായി സംസ്ഥാന ബാംബൂ മിഷൻ കരകൗശല പ്രവർത്തകരെ പങ്കെടുപ്പിക്കുന്നുണ്ട്<br><br>കേരളത്തിന്റെ അനുകൂല നിക്ഷേപ ആവാസവ്യവസ്ഥയെ അടയാളപ്പെടുത്തിയ ദ്വിദിന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (ഐകെജിഎസ്) 2025 നടത്തിയപ്പോൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത വിദേശികൾ ഉൾപ്പെടെയുള്ള സന്ദർശകർക്ക് കേരളത്തിലെ പരമ്പരാഗത മുള കരകൗശല ഉത്പന്നങ്ങളെ പരിചയപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിനുമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് സ്റ്റാൾ അനുവദിച്ചിരുന്നു |

സെക്ഷൻ ഓഫീസർ